## ക്രിമിനൽ കോള വീണ്ടും കേരളത്തിൽ



**പ്ലാച്ചിമടക്കാരുടെ കുടിവെള്ളം നശിപ്പിച്ച കൊക്കക്കോള ശുദ്ധജലവിതരണത്തിന്റെ പേരിൽ കേരളത്തിൽ പുനരവതരിക്കുന്നു. കൊക്കക്കോളയെന്ന കോർപ്പറേറ്റ് കുറ്റവാളിക്ക് സാമൂഹിക പ്രതിബദ്ധതയുടെ പേരിൽ മുഖംമിനുക്കാനുള്ള അവസരം കേരളത്തിൽ തന്നെ ഒരുങ്ങുന്നു, ന്യായമായ പരിഹാരമാകാതെ പത്താം വർഷവും പ്ലാച്ചിമട സമരം തുടരുന്ന അതേ കേരളത്തിൽ. കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ശുദ്ധജലം വിതരണം ചെയ്യാനുള്ള പദ്ധതിയുമായെത്തുന്ന കൊക്കക്കോളയുടെ നടപടികൾ വിശകലനം ചെയ്യുന്നു**

**എസ്. ശരത്**

# വിഷപാനീയത്തിന്റെ ശുദ്ധ(ജല)വിചാരങ്ങൾ

**ആഗോളതലത്തിൽ** ശ്രദ്ധേയമായ പ്ലാച്ചിമട സമരം 2002 ഏപ്രിൽ 22 നാണ് ആരംഭിക്കുന്നത്. പ്ലാച്ചിമട പ്രശ്നത്തിന്റെ ബഹുമുഖത്വം കൊണ്ട് പല മാനങ്ങളിലേക്ക് സമരം പടർന്നുകയറിയെങ്കിലും നാളുകളായി ഉപയോഗിച്ചുകൊണ്ടിരുന്ന വെള്ളം കുടിക്കാൻ കഴിയാതെയായി എന്നതായിരുന്നു തദ്ദേശവാസികൾ ആദ്യമുന്നയിച്ച പ്രശ്നം. സമരത്തിന്റെ പ്രാരംഭഘട്ടത്തിൽ പുറത്തിറങ്ങിയ ഒരു നോട്ടീസ് ഇങ്ങനെ പറയുന്നു:

*"കമ്പനി തുടങ്ങി ഒരു വർഷത്തിനകം തന്നെ അതിന്റെ തിക്തഫലം അനുഭവിക്കാൻ ഇവിടുത്തെ ആളുകൾ നിർബന്ധിതരായി. ഭൂഗർഭജലനിരപ്പ് ക്രമാതീതമായി കുറയുകയും കിണറുകളിലെ ശുദ്ധജലം ഉപ്പുവെള്ളമായി മാറുകയും ചെയ്തു. ഇതൊരു സ്വാഭാവിക പ്രക്രിയ മാത്രമായി കരുതിയ പരിസരവാസികൾ കാര്യമായെടുത്തില്ല. നാൾക്കുനാൾ വെള്ളത്തിന് കടുത്തസ്വാദ് അനുഭവപ്പെടുകയും പാനയോഗ്യമല്ലാതെയായിത്തീരുകയും ചെയ്തു. വെള്ളം ചൂടാക്കുമ്പോൾ അവക്ഷിപ്തം രൂപപ്പെടുകയും കുലുക്കിയോജിപ്പിക്കുമ്പോൾ കഞ്ഞിവെള്ളം പോലെയാവുകയും ചെയ്യുന്നു. ഇവിടെയുള്ള വെള്ളത്തിൽ അരി, പരിപ്പ് ഇവ വേവുന്നില്ല. പാചകം ചെയ്ത ചോറ് ആറ് മണിക്കൂറിന് ശേഷം ഉപയോഗ ശൂന്യമായിത്തീരുന്നു. ചൂടാക്കാത്ത വെള്ളത്തിന് കടുത്ത ദുസ്വാദും ഉപ്പുരസവുമാണുള്ളത്".*

പ്ലാച്ചിമടസമരത്തിന്റെ ആദ്യനാളുകളിൽ പുറത്തിറങ്ങിയ നോട്ടീസിലെ ഈ വാചകങ്ങൾ വർഷങ്ങൾക്ക് ശേഷം വീണ്ടും കാലികമാവുകയാണ്. കുടിവെള്ളം



കോളയുടെ കുടിവെള്ള പദ്ധതി കേന്ദ്രമന്ത്രി കെ.വി. തോമസ് എറണാകുളം ജനറൽ ആശുപത്രിയിൽ ഉദ്ഘാടനം ചെയ്തുന്നു

**പ്ലാച്ചിമടയിൽ വരുത്തിയ നാശനഷ്ടങ്ങൾക്ക് പരിഹാരമായി ഉന്നതാധികാര സമിതി കണക്കിലാക്കിയ നഷ്ടപരിഹാരം നൽകില്ലെന്ന് പരസ്യമായി പറയുകയും നഷ്പരിഹാരം കോളയിൽ നിന്നും ഈടാക്കുന്നതിനായി സർക്കാർ രൂപീകരിച്ച പ്ലാച്ചിമട ട്രിബ്യൂണലിനെ തകർക്കാൻ ശ്രമിക്കുകയും ചെയ്യുന്ന കൊക്കക്കോള കേരളത്തിൽ ശുദ്ധജലം വിതരണം ചെയ്യാനെത്തുന്നതിലെ അന്യായം രാഷ്ട്രീയസംവിധാനങ്ങൾ കാണാതിരുന്നത് എന്തിനാണെന്ന ചോദ്യം കോർപ്പറേറ്റ് ആധിപത്യത്തിന്റെ വാഴ്ചകളിലേക്കാണ് നമ്മളെ എത്തിക്കുന്നത്.**

കുടിക്കാൻകൊള്ളാതെയായെന്നാണ് പ്ലാച്ചിമടക്കാർ അന്ന് പറഞ്ഞത്. പ്ലാച്ചിമടക്കാരുടെ കുടിവെള്ളം ദുസ്വാദും ഉപ്പുരസവും ഉള്ളതാക്കിത്തീർത്ത അതേ കൊക്കക്കോള ശുദ്ധജലവിതരണത്തിന്റെ പേരിൽ കേരളത്തിൽ പുനരവതരിക്കുമ്പോൾ ഇന്നും തുടരുന്ന പ്ലാച്ചിമടയിലെ യാതനകൾ നമ്മുടെ നീതിബോധത്തേയും ആത്മാഭിമാനത്തേയും വീണ്ടും ചോദ്യം ചെയ്യുകയാണ്. കൊക്കക്കോളയെന്ന കോർപ്പറേറ്റ് കുറ്റവാളിക്ക് സാമൂഹിക പ്രതിബദ്ധതയുടെ പേരിൽ മുഖംമിനുക്കാനുള്ള അവസരം കേരളത്തിൽ തന്നെ ഒരുങ്ങുന്നു, ന്യായമായ പരിഹാരമാകാതെ പത്താം വർഷവും പ്ലാച്ചിമട സമരം തുടരുന്ന അതേ കേരളത്തിൽ.

### സന്ദർഭം

കേരളത്തിലെ സർക്കാർ ആശുപത്രികളിൽ ശുദ്ധജലം വിതരണം ചെയ്യാനുള്ള പദ്ധതിയുമായി കൊക്കക്കോളയുടെ രണ്ടാം രംഗപ്രവേശനം. കൊച്ചി, കോഴിക്കോട്, തിരുവനന്തപുരം നഗരങ്ങളിലെ സർക്കാർ ആശുപത്രികളിൽ ശുദ്ധജലം വിതരണം ചെയ്യാനാണ് കൊക്കക്കോള പദ്ധതിയിട്ടിരിക്കുന്നത്. ആദ്യപടിയായി ജൂൺ 26ന് എറണാകുളം ജനറൽ ആശുപത്രിയിൽ ശുദ്ധജല വിതരണ പരിപാടി കോള ആഘോഷപൂർവ്വം ആരംഭിച്ചു. കേന്ദ്ര കൃഷി സഹമന്ത്രി കെ.വി. തോമസ് തന്നെ നേരിട്ടെത്തി പദ്ധതി നാടിന് സമർപ്പിച്ചു. ശുദ്ധജല വിതരണ സംവിധാനത്തിന്റെ രണ്ട് യൂണിറ്റുകളുണ് ഹൈബി ഈഡൻ എംഎൽഎയുടെയും ജില്ലാ കളക്ടർ ഷേഖ് പരീഥിന്റെയും സാന്നിദ്ധ്യത്തിൽ അദ്ദേഹം ഉദ്ഘാടനം ചെയ്തത്. കെറ്റ് ലൈഫ് ഫൗണ്ടേഷൻ എന്ന പേരിൽ പട്ടം പറത്താൻ ഇഷ്ടപ്പെടുന്നവർ ചേർന്ന് രൂപീകരിച്ച കൈറ്റ് ലൈഫ് ഫൗണ്ടേഷനാണ് ജലവിതരണ പദ്ധതിയുടെ നടത്തിപ്പിന് കൊക്കക്കോളയെ പ്രാദേശികമായി സഹിയിക്കുന്നത്. യുറേക്കാ ഫോബ്സ് ആണ് കൊക്കക്കോളയ്ക്ക് വേണ്ടി ജലശുദ്ധീകരണികൾ രൂപകല്പന ചെയ്തിരിക്കുന്നത്. ജനറൽ ആശുപത്രി കൂടാതെ മട്ടാഞ്ചേരി, ഫോർട്ട് കൊച്ചി, കരുവേലിപ്പടി, ആലുവ, വടക്കൻ പറവൂർ എന്നിവിടങ്ങളിലെ സർക്കാർ ആശുപത്രികളിലും ശുദ്ധജലം വിതരണം ചെയ്യാനുള്ള തയ്യാറെടുപ്പിലാണ് കോള.

### അപ്പോൾ പ്ലാച്ചിമട സമരം?

ഒറ്റനോട്ടത്തിൽ പച്ചവെള്ളം പോലെ ശുദ്ധമാണ് കോളയുടെ ഈ ശുദ്ധജല പരിപാടി. പക്ഷെ ഈ നടപടിയുടെ പിന്നാമ്പുറങ്ങളിൽ അടിഞ്ഞുകൂടുന്ന അശുദ്ധരാഷ്ട്രീയം കേരള സമൂഹത്തെ ഒന്നടങ്കം ബാധിക്കുമെന്ന് തിരിച്ചറിയാൻ ഇനിയും വൈകരുത്. കുടിവെള്ള മലിനീകരണത്തിന്റെയും ജലചൂഷണത്തിന്റെയും പരിസ്ഥിതിനാശത്തിന്റെയും കുറ്റം പേറുന്ന കോർപ്പറേറ്റ് കമ്പനി ആ കുറ്റം അംഗീകരിക്കാതിരിക്കുകയും 10 വർഷമായി തുടരുന്ന സമരത്തിന് നേരെ കുറ്റകരമായ അവഗണന തുടരുകയും ചെയ്യുന്ന സാഹചര്യത്തിൽ ഈ ശുദ്ധജല വിതരണ പരിപാടിയെ ന്യായീകരിക്കാൻ ആർക്കാണ് കഴിയുന്നത്.

പ്ലാച്ചിമടയിൽ വരുത്തിയ നാശനഷ്ടങ്ങൾക്ക് പരിഹാരമായി ഉന്നതാധികാര സമിതി കണക്കിലാക്കിയ നഷ്ടപരിഹാരം നൽകില്ലെന്ന് പരസ്യമായി പറയുകയും നഷ്പരിഹാരം കോളയിൽ നിന്നും ഈടാക്കുന്നതിനായി സർക്കാർ രൂപീകരിച്ച പ്ലാച്ചിമട ട്രിബ്യൂണലിനെ തകർക്കാൻ ശ്രമിക്കുകയും ചെയ്യുന്ന കൊക്കക്കോള കേരളത്തിൽ ശുദ്ധജലം വിതരണം ചെയ്യാനെത്തുന്നതിലെ അന്യായം രാഷ്ട്രീയസംവിധാനങ്ങൾ കാണാതിരുന്നത് എന്താണെന്ന ചോദ്യം കോർപ്പറേറ്റ് ആധിപത്യത്തിന്റെ വാഴ്ചകളിലേക്കാണ് നമ്മളെ എത്തിക്കുന്നത്. (തുടക്കത്തിൽ പരമാർശിച്ച പ്ലാച്ചിമട നോട്ടീസിലെ വാചകങ്ങൾ വീണ്ടും വായിക്കുക).

### പ്ലാച്ചിമടയിൽ കൊക്കക്കോള ചെയ്തത് (മറക്കാൻ പാടില്ലാത്തത്)

പ്ലാച്ചിമടയിലെ പ്രശ്നങ്ങൾക്ക് തങ്ങൾ

ഉത്തരവാദിയല്ലെന്ന് പറഞ്ഞ് ഒഴിഞ്ഞു മാറിയ കൊക്കക്കോള പ്ലാച്ചിമടക്കാർക്ക് നിയമപരമായി നഷ്ടപരിഹാരം ലഭിക്കുന്നതിന് രൂപീകരിക്കുന്ന പ്രത്യേക ട്രിബ്യൂണലിന്റെ രൂപീകരണം തടയാൻ കേന്ദ്രസർക്കാറിൽ സമ്മർദ്ദം ചെലുത്തുകയാണ് ഇപ്പോൾ. പ്ലാച്ചിമടയിലെ പ്രശ്നങ്ങൾക്ക് തങ്ങൾ കുറ്റക്കാരല്ലെന്ന് കൊക്കക്കോളയ്ക്ക് എങ്ങനെ പറയാൻ കഴിയും? അന്ന് കപട റിപ്പോർട്ടുകളെ കൂട്ടുപിടിച്ച് തങ്ങൾ സംശുദ്ധരാണെന്ന് തെളിയിക്കാൻ പരിശ്രമിച്ച കോള ശുദ്ധജലവിതരണം എന്ന പുതിയ കാർഡിറക്കുന്നതും ഞങ്ങൾ ക്ലീൻകോളയാണ് എന്ന് ബോധ്യപ്പെടുത്താനുള്ള മറ്റൊരു ക്രിമിനൽ നമ്പർ മാത്രം.

പതിനായിരക്കണക്കിന് ആളുകൾക്ക് കുടിക്കാൻ കഴിയുമായിരുന്ന ശുദ്ധജലമാണ് പ്ലാച്ചിമടയിൽ കൊക്കക്കോള കമ്പനി അശുദ്ധമാക്കിയത്. 2000ൽ കോളകമ്പനി പ്രവർത്തനം തുടങ്ങി ഒരു വർഷത്തിനുള്ളിൽ പ്ലാച്ചിമടയിൽ ജലപ്രശ്നങ്ങൾ ആരംഭിച്ചു തുടങ്ങി. കമ്പനിയുടെ സമീപപ്രദേശത്തുള്ള കിണറുകളിലെ വെള്ളം കുടിക്കുന്നവർക്ക് വയറുവേദന അനുഭവപ്പെടാൻ തുടങ്ങി. ആ വെള്ളം ഉപയോഗിച്ച് ചോറ് വേവിക്കാൻ കഴിയുന്നില്ല എന്നതായിരുന്നു ആദിവാസി കോളനികളെ അമ്മമാരുടെ പ്രധാന പരാതി. വെള്ളമുപയോഗിച്ചവർക്ക് ത്വക്ക് രോഗങ്ങൾ കൂടിയതും കോളനിക്കാരെ വലച്ചു. ജലചൂഷണം ഉയർന്ന തോതിലായതോടെ വെള്ളത്തിന്റെ അമ്ലത വർദ്ധിച്ചു. പാറക്കെട്ടുകളിലെ ലവണങ്ങൾ ഭൂഗർഭജലത്തിൽ കലരുകയും വെള്ളം കൂടുതൽ മലിനമാവുകയും ചെയ്യുന്ന സാഹചര്യമുണ്ടായി. കൊക്കക്കോള ഫാക്ടറയിൽ നിന്നുള്ള ഖരമാലിന്യങ്ങൾ രാസവളമാണെന്ന് പറഞ്ഞ് കർഷകരെ തെറ്റിദ്ധരിപ്പിച്ച് പ്ലാച്ചിമടയിലും പാലക്കാട് ജില്ലയുടെ പല ഭാഗങ്ങളിലും കമ്പനി വിതരണം ചെയ്തിരുന്നു. ഇത് മാരകമായ മാലിന്യങ്ങളാണെന്നറിയാത്ത കർഷകർ തങ്ങളുടെ കൃഷിയിടങ്ങളിൽ ഇവ നിക്ഷേപിക്കുകയും മഴവെള്ളവുമായി കലർന്ന് വ്യാപകമായ തോതിൽ പരിസരമലിനീകരണമുണ്ടാക്കുകയും ചെയ്തു.

ഈ പ്രശ്നങ്ങൾ ഉന്നയിച്ച് പ്ലാച്ചിമട സമരം ശക്തമായി തുടരുമ്പോഴാ






**കമ്പനി പ്രവർത്തനം തുടങ്ങി ഒരു വർഷത്തിനുള്ളിൽ പ്ലാച്ചിമടയിൽ ജലപ്രശ്നങ്ങൾ ആരംഭിച്ചു തുടങ്ങി. കമ്പനിയുടെ സമീപപ്രദേശത്തുള്ള കിണറുകളിലെ വെള്ളം കുടിക്കുന്നവർക്ക് വയറുവേദന അനുഭവപ്പെടാൻ തുടങ്ങി. ആ വെള്ളം ഉപയോഗിച്ച് ചോറ് വേവിക്കാൻ കഴിയുന്നില്ല എന്നതായിരുന്നു ആദിവാസി കോളനികളിലെ അമ്മമാരുടെ പ്രധാന പരാതി**

ണ് അന്താരാഷ്ട്ര തലത്തിൽ ശ്രദ്ധേയമായ ബിബിസി റേഡിയോ–4 പ്ലാച്ചിമടയിലെ കൊക്കക്കോള കമ്പനിയുടെ ഖരമാലിന്യത്തിൽ വിഷവസ്തുക്കളുണ്ടെന്ന വാർത്ത പ്രക്ഷേപണം ചെയ്യപ്പെടുന്നത്. കോളയുടെ ഖരമാലിന്യത്തിലും കമ്പനിക്കടുത്തുള്ള പഞ്ചായത്ത് കിണറിലും കാഡ്മിയം, ലെഡ് തുടങ്ങിയ വിഷപദാർത്ഥങ്ങൾ അനുവദനീയമായ പരിധിയിലും കൂടുതലാണെന്ന് അവർ ബ്രിട്ടണിൽ നടത്തിയ പരിശോധനകളുടെ അടിസ്ഥാനത്തിൽ റിപ്പോർട്ട് ചെയ്തു. ലെഡ് നാഡീവ്യൂഹത്തെ ബാധിക്കുന്ന വിഷപദാർത്ഥമാണ്. കാഡ്മിയം പ്രധാനമായും കിഡ്നിയെയും കരളിനേയും ബാധിക്കുന്നതും കാൻസർ ജനിപ്പിക്കുന്നതുമാണ്. കൃഷിസ്ഥലത്ത് ഇത്തരം ഖരമാലിന്യങ്ങൾ തുടർച്ചയായി നിക്ഷേപിക്കുന്നതിലൂടെ മണ്ണിലൂടെയും വെള്ളത്തിലൂടെയും വായുവിലൂടെയും വിഷപദാർത്ഥങ്ങൾ വ്യാപിച്ച് പരിസരത്തെ കിണറുകളും ഭൂജലവും വിഷമയമാകുമെന്നും ബി.ബി.സി റിപ്പോർട്ട് ചെയ്തു.

ബി.ബി.സി വാർത്ത പുറത്ത് വന്നതോടെ കൊക്കക്കോള പ്രതിരോധത്തിലായി. ലോകവ്യാപകമായി അവരുടെ ഇമേജിനെ അത് ബാധിച്ചു. ബി.ബി.സി റിപ്പോർട്ടിനെ തുടർന്ന് മലിനീകരണ നിയന്ത്രണ ബോർഡിന്റെ പാലക്കാട് ഓഫീസിലുള്ള ഉദ്യോഗസ്ഥർ കമ്പനിയിലെ ഖരമാലിന്യം പരിശോധിക്കുകയും ബിബി.സിയുടെ കണ്ടെത്തൽ ശരിവയ്ക്കുകയും ചെയ്തു. നടപടികളെടുക്കേണ്ട പൊതുസ്ഥാപനങ്ങളെ സ്വാധീനിച്ചും കപട റിപ്പോർട്ടുകളിറക്കിയും ഉത്തരം പറയേണ്ട ഗുരുതരമായ പ്രശ്നത്തിൽ നിന്നും കോള ഒഴിഞ്ഞുമാറി.

## ശുദ്ധജലം കൊടുക്കാതിരുന്ന കോള

ലഘുപാനീയങ്ങളിൽ കീടനാശിനികളുടെ സാന്നിധ്യമുണ്ടെന്ന ഡൽഹിയിലെ സെന്റർ ഫോർ സയൻസ് ആന്റ് എൻവിറോൺമെന്റ് റിപ്പോർട്ട് 2003ൽ പുറത്ത് വന്നതിനെ തുടർന്ന് വിഷയം പഠിക്കാൻ രൂപീകരിച്ച സംയുക്ത പാർലമെന്റ് കമ്മിറ്റി (ജെ.പി.സി) പ്ലാച്ചിമടയിലെ പ്രശ്നങ്ങളും അന്വേഷിക്കാൻ തയ്യാറായി. കൊക്കക്കോള കമ്പനിയുടെ പ്രവർത്തനം മൂലം ഭൂജലശോഷണവും പരിസരമലിനീകരണവും ഉണ്ടായതായി ജെപി.സിയും വിലയിരുത്തി. അപകടകരമായ മാലിന്യങ്ങളെക്കുറിച്ച് അന്വേഷിക്കാൻ കേന്ദ്ര പരിസ്ഥിതി വകുപ്പിന്റെ കീഴിൽ രൂപീകരിച്ച സുപ്രീംകോടതി മോണിറ്ററിംഗ് കമ്മിറ്റിയുടെ പരിധിയിൽ പ്ലാച്ചിമടയിലെ ഖരമാലിന്യപ്രശ്നവും ജെ.പി.സി ഉൾപ്പെടുത്തി. തുടർന്ന് 2004ന് പ്ലാച്ചിമട സന്ദർശിച്ച സുപ്രീം കോടതി മോ

ണിറ്ററിംഗ് കമ്മിറ്റി കമ്പനിമൂലം പ്രദേശത്തുണ്ടായ പരിസരമലിനീകരണത്തിൽ അസ്വസ്ഥത പ്രകടിപ്പിച്ചു. ശുദ്ധജലം നശിപ്പിച്ചതിന് പകരം കമ്പനി പരിസരവാസികൾക്ക് വെള്ളമെത്തിക്കണമെന്ന് സുപ്രീംകോടതി മോണിറ്ററിംഗ് കമ്മറ്റി ആവശ്യപ്പെട്ടു. ഇതിന് ആവശ്യമായ നടപടികളെടുക്കാൻ കമ്മിറ്റി മലിനീകരണ നിയന്ത്രണ ബോർഡിന് നിർദ്ദേശങ്ങൾ കൊടുക്കുകയും ചെയ്തു. മലിനീകരണം നടത്തിയവർ അതിന്റെ വില നൽകണം എന്ന തത്വപ്രകാരം പരിസരവാസികൾക്ക് ആറ് മാസത്തിനുള്ളിൽ കുടിവെള്ളം വിതരണം ചെയ്യണമെന്ന് മലിനീകരണ നിയന്ത്രണ ബോർഡ് നിർദ്ദേശിച്ചു. എന്നാൽ തങ്ങൾ കുറ്റം ചെയ്തിട്ടില്ല എന്ന് നുണ സ്ഥാപിച്ച് പ്രദേശവാസികൾക്ക് കുടിവെള്ളം കൊടുക്കാൻ കോള കമ്പനി വിസമ്മതിച്ചു.

പ്ലാച്ചിമട സമരം കേരളമൊട്ടാകെ കത്തിപ്പടരുന്ന സമയത്താണ് തീർത്തും നിരുത്തരവാദപരമായ ഈ സമീപനം കോളയുടെ ഭാഗത്ത് നിന്നുമുണ്ടായത്. ഘനലോഹമാലിന്യങ്ങളുടെ സ്വാധീനം പ്ലാച്ചിമടക്കാരുടെ ആരോഗ്യം നശിപ്പിക്കുമെന്നും ഭാവി തലമുറയെ ബാധിക്കുമെന്നും പഠനങ്ങൾ വ്യക്തമാക്കിയിട്ടും അതൊന്നും അഭിമുഖീകരിക്കാൻ കോള തയ്യാറായില്ല.

## വെള്ളത്തിനേക്കാൾ മൂല്യം കോളയ്ക്കോ?

മനുഷ്യജീവന്റെ അടിസ്ഥാന ഘടകമായ വെള്ളത്തിനുള്ളതിനേക്കാൾ വില കൊക്കക്കോള അവരുടെ ഉത്പന്നങ്ങൾക്ക് നൽകി എന്നതാണ് പ്ലാച്ചിമട പ്രശ്നത്തിനോടുള്ള അവരുടെ ഈ അവഗണനകളിൽ നിന്നും മനസ്സിലാക്കാൻ കഴിയുന്നത്. ലാഭം മാത്രമാണ് കോർപ്പറേറ്റുകൾക്ക് പ്രധാനമെന്നും അതിന് എത്രപേരുടെ കുടിവെള്ളം മുട്ടിയാലും കുഴപ്പമില്ലെന്നുമാണ് പ്ലാച്ചിമടയിൽ കോളയെടുത്ത നിലപാടുകളിൽ നിന്നും വ്യക്തമാകുന്നത്. സാമൂഹികമായി പ്രാധാന്യമില്ലാത്ത കൊക്കക്കോളയുടെ ഉത്പന്നങ്ങൾ നിർമ്മിക്കാൻ വേണ്ടി ശുദ്ധജലവും ആരോഗ്യവും നശിപ്പിക്കപ്പെടുന്നതിൽ കുഴപ്പമില്ല എന്ന് ഭരണകർത്താക്കൾ ചിന്തിച്ചതുകൊണ്ടാണ് കൊക്കക്കോള കേരളത്തിലെത്തിയതും രൂക്ഷമായ കുടിവെള്ളക്ഷാമം നേരിടുന്ന പ്ലാച്ചിമട പോലെയുള്ള ഒരു സ്ഥലത്ത് പ്രവർത്തനം



**കാഡ്മിയവും ലെഡും പോലെയുള്ള മാരകമാലിന്യങ്ങളുടെ സാന്നിദ്ധ്യം വെള്ളത്തിൽ കണ്ടെത്തിയതിന് മറുപടി പറയാത്ത കോളയെ ആശുപത്രികളിൽ ശുദ്ധജല വിതരണത്തിനായി കുടിയിരുത്തുമ്പോൾ ഉണ്ടാകുന്ന വിപത്ത് അധികൃതർ കാണാതെപോയതാകാൻ വഴിയില്ല. സുപ്രീംകോടതി മോണിറ്ററിംഗ് കമ്മിറ്റി പ്ലാച്ചിമടക്കാർക്ക് കുടിവെള്ളം കൊടുക്കാൻ ആവശ്യപ്പെട്ടിട്ടും വിസമ്മതിച്ച കോളയെ ശുദ്ധജലം കുടിപ്പിക്കാൻ ക്ഷണിക്കുന്നത് കോർപ്പറേറ്റ് വിധേയത്വമല്ലെങ്കിൽ പിന്നെയെന്താണ്?**

തുടങ്ങിയതും. പ്രശ്നങ്ങൾ ചൂണ്ടിക്കാണിച്ച ശേഷവും കോളയ്ക്കെതിരെ നടപടികളെടുക്കാതിരുന്ന ഭരണസ്ഥാപനങ്ങളും വെള്ളത്തിനേക്കാൾ വില കോളയ്ക്ക് കൽപ്പിച്ചുകൊടുക്കുകയാണ് ചെയ്തത്.

## ചരിത്രം ദുരന്തമായി ആവർത്തിക്കുന്നു

പ്ലാച്ചിമടയിൽ മൂലധനതാത്പര്യങ്ങൾക്ക് കൂട്ടുനിന്ന രാഷ്ട്രീയ സംവിധാനങ്ങളും വിദഗ്ധസ്ഥാപനങ്ങളും വീണ്ടും കൊക്കക്കോളയ്ക്ക് കുട പിടിക്കുന്നതിന്റെ തെളിവാണ് സർക്കാർ ആശുപത്രികളിലെ ശുദ്ധജല വിതരണ പരിപാടി. കോർപ്പറേറ്റ് പക്ഷപാതിത്വം പുതിയ സ്ഥലത്ത് പുതിയ രൂപത്തിൽ പിറവിയെടുക്കുന്നു. കാഡ്മിയവും ലെഡും പോലെയുള്ള മാരകമാലിന്യങ്ങളുടെ സാന്നിദ്ധ്യം വെള്ളത്തിൽ കണ്ടെത്തിയതിന് മറുപടി പറയാത്ത കോളയെ ആശുപത്രികളിൽ ശുദ്ധജല വിതരണത്തിനായി കുടിയിരുത്തുമ്പോൾ ഉണ്ടാകുന്ന വിപത്ത് അധികൃതർ കാണാതെപോയതാകാൻ വഴിയില്ല. സുപ്രീംകോടതി മോണിറ്ററിംഗ് കമ്മിറ്റി പ്ലാച്ചിമടക്കാർക്ക് കുടിവെള്ളം കൊടുക്കാൻ ആവശ്യപ്പെട്ടിട്ടും വിസമ്മതിച്ച കോളയെ നാട്ടുകാരെ ശുദ്ധജലം കുടിപ്പിക്കാൻ ക്ഷണിക്കുന്നത് കോർപ്പറേറ്റ് വിധേയത്വമല്ലെങ്കിൽ പിന്നെയെന്താണ്? അബദ്ധമോ മറവിയോ ആണെങ്കിൽപ്പോലും പ്രസ്തുത നടപടി മാപ്പർഹിക്കുന്നില്ല. പ്രബലമായ ഒരു കോർപ്പറേറ്റ് കമ്പനി കേരളത്തിലെ ഏറ്റവും ദരിദ്രമായ ഒരു പ്രദേശത്തെ ജനങ്ങളോട് കാണിച്ച വഞ്ചന വരാനിരിക്കുന്ന കോർപ്പറേറ്റ് അതിക്രമങ്ങളുടെ സൂചന കൂടിയായതിനാൽ പ്ലാച്ചിമട മറക്കുക എന്നത് കുറ്റകരം തന്നെയാണ്. പക്ഷെ ജീവനോപാധികളുടെയും മനുഷ്യാന്തസ്സിന്റെയും മുകളിലുള്ള കടന്നുകയറ്റം പ്രശ്നമല്ലെന്ന് കരുതുന്ന രാഷ്ട്രീയ സംവിധാനങ്ങൾ ആശുപത്രികളിലൂടെ കൊക്കക്കോള കൊടുക്കാനും നാളെ മടിക്കില്ല.

## പ്ലാച്ചിമട ട്രിബ്യൂണലും രാഷ്ട്രീയ ശുദ്ധഗതിയും

കേരളനിയമസഭ പാസാക്കി രാഷ്ട്രപ

തിയുടെ അനുമതിക്കായി അയച്ച പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ അട്ടിമറിക്കാനുള്ള നീക്കങ്ങളിലാണ് ഇപ്പോൾ കൊക്കക്കോള. കേരള നിയമസഭയ്ക്ക് ഇത്തരമൊരു ബില്ല് പാസാക്കാൻ ഭരണഘടനാപരമായ അനുമതിയില്ലെന്ന് ആരോപിച്ച് കൊക്കക്കോള പ്രതിനിധികൾ കേന്ദ്രത്തിന് കത്തയച്ചിട്ടുണ്ട്. കേരള നിയമസഭയെ കോള ചോദ്യം ചെയ്തിട്ടും നമ്മുടെ സാമാജികന്മാർക്ക് അനക്കമില്ല. കോള ഈ രീതിയിൽ ആക്ഷേപിച്ചിട്ടും ഹൈബി ഈഡനെപ്പോലെയുള്ള യുവപ്രതിനിധി കോളയുടെ ശുദ്ധജല വിതരണം പരിപാടിയിൽ പങ്കെടുക്കാൻ കാണിച്ച 'ശുദ്ധഗതി' അപാരം തന്നെ.

സംസ്ഥാന സർക്കാരും രാഷ്ട്രീയപാർട്ടികളും പൊതുസമൂഹവും ഒരുപോലെ മുന്നിട്ടിറങ്ങിയാൽ മാത്രമേ പ്ലാച്ചിമട ട്രിബ്യൂണൽ ബിൽ യാഥാർത്ഥ്യമാവുകയുള്ളു എന്നാണ് ഡൽഹിയിലെ സംഭവവികാസങ്ങൾ സൂചിപ്പിക്കുന്നത്. ഇടതുവലതു മുന്നണികൾ ഒരേ ശബ്ദത്തിൽ അംഗീകരിച്ച

**കേരള സംസ്ഥാന മലിനീകരണ നിയന്ത്രണബോർഡ്**
പട്ടം തപാലാപ്പീസ്, തിരുവനന്തപുരം

No PCB/HO/HW/PLKD/542/04

29–10–2004

To
ഹിന്ദുസ്ഥാൻ കൊക്കോ കോള (സ്വ) ക്ലിപ്തം
കഞ്ചിക്കോട് തപാലാപ്പീസ്
പാലക്കാട് 678 534.

വിഷയം: കുടിവെള്ള വിതരണ സംവിധാനം
സൂചന : 1. ഈ ആപ്പീസ് നിർദ്ദേശം
No. PCB/HO/HWM/SCMC/04/B - 23-8-04
2. ഈ ആപ്പീസ് നടപടിക്രമം No. PCB/HO/HWM/SCMC/438/04 - 14-9-04

നിങ്ങളുടെ വ്യവസായ സംരംഭം മൂലം കുടിവെള്ള പ്രശ്നം നേരിടുന്നവർക്ക് ശുദ്ധജല വിതരണ സംബന്ധമായി നിങ്ങൾക്ക് നൽകിയ മേൽക്കാണിച്ച നിർദ്ദേശങ്ങളിലേക്ക് ശ്രദ്ധ ക്ഷണിച്ചുകൊള്ളുന്നു.

കുടിവെള്ള പ്രശ്നം നേരിടുന്നവർക്ക് കുടിവെള്ളമെത്തിക്കുവാൻ അർഹരായ വ്യക്തികളുടെ ഒരു പട്ടിക തയ്യാറാക്കാൻ സൂചന നമ്പർ 2 പ്രകാരം ഒരു സമിതിയിലെ ചുമതലപ്പെടുത്തിയിരുന്നു.

ടി സമിതിയുടെ അദ്ധ്യക്ഷ, പ്രശ്ന ബാധിത വ്യക്തികളുടെ പട്ടിക തയ്യാറാക്കിയത് ഇതോടൊപ്പം വെക്കുന്നു. പട്ടിക പ്രകാരമുള്ള വ്യക്തികൾക്ക് തടസ്സമില്ലാതെ ശുദ്ധജലം കിട്ടത്തക്കവിധം അടിയന്തിര നടപടികളെടുക്കാൻ നിങ്ങളോട് അപേക്ഷിക്കുന്നു. സുപ്രീം കോടതി നിരീക്ഷണസമിതിയുടെ അഭിപ്രായങ്ങൾ (ഈ അടുത്തകാലത്ത് അവർ സ്ഥലം സന്ദർശിച്ച് തയ്യാറാക്കിയത്) പ്രാവർത്തികമാക്കുന്നതിന് വേണ്ടി ഇതോടൊപ്പം വെക്കുന്നു.

എന്ന്,
അങ്ങയുടെ വിധേയൻ
അദ്ധ്യക്ഷൻ

കോപ്പി : 1. പരിസ്ഥിതി എഞ്ചിനീയർ, ഡി.ഒ., പാലക്കാട്
2. LAEC അംഗങ്ങൾ
(ഡ. 1. പി.എ. പൗരൻ, വക്കീൽ, അദ്ധ്യക്ഷൻ, പി.യു.സി.എൽ. സംസ്ഥാന സമിതി, മഞ്ചേരി, മലപ്പുറം ജില്ല

സുപ്രീംകോടതി മോണിറ്ററിംഗ് കമ്മിറ്റിയുടെ നിർദ്ദേശത്തെ തുടർന്ന് പ്രശ്നബാധിതർക്ക് വെള്ളം നൽകണമെന്ന് ആവശ്യപ്പെട്ട് മലിനീകരണ നിയന്ത്രണ ബോർഡ് കൊക്കക്കോളയ്ക്ക് അയച്ച കത്ത്

ഈ ചരിത്രബിൽ യാഥാർത്ഥ്യമാക്കുന്നതിനുള്ള രാഷ്ട്രീയജാഗ്രതകാണിക്കാതെ കോളയെ ശുദ്ധജല വിതരണത്തിന് ക്ഷണിച്ചുകൊണ്ട് അവർ സ്വയം അപഹാസ്യരായിത്തീരുന്നു.

## കോർപ്പറേറ്റ് എന്നാൽ

ജനാധിപത്യമൂല്യങ്ങൾക്ക് വിലകൽപ്പിക്കില്ല എന്നതാണ് കോർപ്പറേറ്റുകളുടെ മുഖമുദ്ര. ലാഭത്തിന് ജനാധിപത്യം ഒരു തടസ്സമാണ്. ജനകീയ ഇടപെടലുകളിലൂടെ വികസിക്കുന്ന ജനാധിപത്യത്തിന്റെ ശക്തിയെ ഏതുവിധേനെയും തകർക്കുക എന്നതാണ് കോർപ്പറേറ്റുകളുടെ പൊതുതന്ത്രം. ലാഭത്തോടുള്ള ശമിക്കാത്ത ആർത്തിയിൽ അവർ നിർമ്മിച്ചെടുത്ത സാമ്രാജ്യങ്ങൾക്ക് ജനങ്ങളും ജൈവസമൂഹവും വില നൽകേണ്ടി വന്നതായാണ് ചരിത്രപാഠങ്ങൾ. ലോകസമൂഹവ്യവസ്ഥയിൽ കടന്നുകയറ്റങ്ങളുടെ പാരമ്പര്യം മാത്രമുള്ള കോർപ്പറേറ്റുകൾ ദുഷ്ചെയ്തികളെ മറച്ചുവയ്ക്കാനായി കണ്ടെത്തിയ തന്ത്രമാണ് കോർപ്പറേറ്റ് സോഷ്യൽ റസ്പോൺസിബിലിറ്റി. ലോകരാഷ്ട്രീയവും ആഗോളസാമ്പത്തിക നയങ്ങളും നിയന്ത്രിക്കണമെങ്കിൽ അല്പം പ്രതിബദ്ധതയുടെ പുകമറ കൂടി ആവശ്യമാണ് എന്നതാണ് ഈ ഇറെസ്പോൺസിബിൾ നയത്തിന്റെ സത്യം. ഭരണസംവിധാനങ്ങളിൽ കടന്നുകൂടി ആധിപത്യം സ്ഥാപിക്കുന്നതരത്തിലാണ് ഇത് രൂപകല്പന ചെയ്തിരിക്കുന്നത്. ലോകത്തിലെ ഭീമൻ കോർപ്പറേറ്റുകളിൽ ഒന്നായ കൊക്കക്കോളയും അതുതന്നെയാണ് ചെയ്യുന്നത്. ജനങ്ങൾക്ക് ശുദ്ധജലം വിതരണം ചെയ്യാൻ ഉത്തരവാദിത്തമുള്ള ഭരണസംവിധാനത്തെ അവർ നിശബ്ദമാക്കുന്നു. (ഭൂഗർഭജലത്തിന്റെ ഉടമസ്ഥാവകാശം തദ്ദേശഭരണ സ്ഥാപനങ്ങൾക്കല്ല എന്ന് വാദിച്ചുകൊണ്ട് കോള പ്ലാച്ചിമടയിലും ഇതേ കടന്നുകയറ്റമാണ് നടത്തിയത്).

ഈ സാമൂഹിക പ്രതിബദ്ധതയുടെ മറവിൽ സർക്കാരും കോർപ്പറേറ്റുകളും തമ്മിലുള്ള അന്തരം പതിയെ കുറയുന്നു. വരേണ്യവികസനകാഴ്ച്ചപ്പാടുള്ള, ലോകബാങ്കിന്റെ വായ്പകളും നോക്കിയിരിക്കുന്ന സർക്കാരുകൾക്ക് ഇതിൽപരം എന്താണ് ചെയ്യാൻ കഴിയുന്നത്!.

ജനങ്ങളെ പരിഗണിക്കാൻ ജനാധിപത്യത്തിന് കഴിയാതെ വന്നാൽ കോർപ്പറേറ്റ് വാഴ്ച തന്നെ ഫലം. കോളയെ ശുദ്ധജല വിതരണത്തിന് ക്ഷണിച്ചവർ ഈ നടപടിയിലൂടെ പ്ലാച്ചിമട സമരത്തിന്റെ രാഷ്ട്രീയം തന്നെ കെടുത്തിക്കളഞ്ഞിരിക്കുന്നു. ഇത് കാണാതിരിക്കുന്ന രാഷ്ട്രീയ ഉദാസീനതയെ പ്രതിരോധിക്കാൻ പ്ലാച്ചിമട സമരം തയ്യാറാകണം. ഒപ്പം ട്രിബ്യൂണൽ ബിൽ യാഥാർത്ഥ്യമാക്കാനും പ്ലാച്ചിമട പ്രശ്നത്തിന് ന്യായമായ പരിഹാരം കണ്ടെത്താനുമുള്ള ശ്രമങ്ങൾ ഊർജ്ജിതമായി തുടരുകയും വേണം.

## ശുദ്ധജലം കുടിക്കുന്നവരുടെ ശ്രദ്ധയ്ക്ക് (കോളയും)

സർക്കാർ ആശുപത്രികളിൽ കൊക്കക്കോള വിതരണം ചെയ്യുന്ന ശുദ്ധജലം കുടിച്ച് നിർവൃതിയടയുന്നവർ ലേഖനത്തിന്റെ തുടക്കത്തിൽ പറയുന്ന പ്ലാച്ചിമട നോട്ടീസിലെ വരികൾ ഒരിക്കൽക്കൂടി വായിക്കുക. കൊക്കക്കോള കുടിക്കുന്നവർക്ക് ചിലപ്പോൾ ഈ ശുദ്ധജലം ഉപകാരപ്പെട്ടേക്കാം. കാരണം കോള അമ്ലജലമാണ്. കോളകുടിക്കുന്നതിലൂടെ ആമാശയത്തിലുണ്ടാകുന്ന വർദ്ധിച്ച അമ്ലത ആമാശയപുണ്ണിനും കുടൽപ്പുണ്ണിനും കാരണമാകുന്നു. കോള കുടിയ്ച്ചയുടൻ കുറച്ച് ശുദ്ധജലം കുടിച്ചാൽ ഒരുപക്ഷെ അപകടം കുറയ്ക്കാൻ കഴിഞ്ഞേക്കും!...